"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ് എച്ച്.എസ്.ടി (ഗണിതം) ശ്രീമതി.ജെസിന.എൻ ന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2000/2026/GEDN തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-
1. G.O. (P) No. 112/2017/FIN Dated 24/08/2017
2. ശ്രീമതി.ജെസിന.എൻ ന്റെ അവധി അപേക്ഷ
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 30-03-2025, 26-07-2025, 31-12-2025 തിയതികളിലെ ഇ.റ്റി1/18660/2024/ഡി.ജി.ഇ നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ് എച്ച്.എസ്.ടി (ഗണിതം) ശ്രീമതി.ജെസിന.എൻ ന് ശൂന്യവേതനാവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ തുടർനടപടികൾക്കായി ലഭ്യമാക്കുകയുണ്ടായി. 03/6/2023 മുതൽ 02/6/2024 വരെ കുഞ്ഞിനെ പരിചരിക്കുന്നതിനായി ശ്രീമതി.ജെസിന.എൻ ശൂന്യവേതനാവധി അനുവദിക്കണമെന്നാണ് അപേക്ഷിച്ചിരിക്കുന്നത്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കുഞ്ഞിനെ പരിചരിക്കുന്നതിനായാണ് അവധി ആവശ്യപ്പെടുന്നത് എന്ന വസ്തുത കണക്കിലെടുത്ത് ശ്രീമതി. ജെസിന എൻ.-ന് 03/6/2023 മുതൽ 02/6/2024 വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജിതാവധി എന്നിവയ്ക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

3) ഈ വിവരം ശ്രീമതി.ജെസിന.എൻ ന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം

പ്രഥമാദ്ധ്യാപകൻ, എം.കെ.എൽ.എം.എച്ച്.എസ്, കണ്ണനല്ലൂർ, കൊല്ലം

ശ്രീമതി.ജെസിന.എൻ, എച്ച്.എസ്.ടി (ഗണിതം), എം.കെ.എൽ.എം.എച്ച്.എസ്, കണ്ണനല്ലൂർ, കൊല്ലം

ധനകാര്യ (വിദ്യാഭ്യാസ-എ) വകുപ്പ് (E: 3292698/EDN-A2/340/2025-FIN തീയതി 12/11/2025)

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Meera S S

Date: 09-03-2026 12:58:12

സെക്ഷൻ ഓഫീസർ